"ഭരണഭാഷ — മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-ജീവനക്കാര്യം - ഇടുക്കി ജില്ലാ പഞ്ചായത്തിലെ ഓഫീസ് അറ്റന്റന്റ് തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റിയുടെ 11.03.2024-ലെ 3/1 നമ്പർ തീരുമാന തീരുമാനം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191 പ്രകാരം ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് ഓംബുഡ്സ്മാനു തുടർനടപടികൾക്കായി റഫർ ചെയ്തുകൊണ്ട് — ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.891/2025/LSGD തീയതി,തിരുവനന്തപുരം, 03-04-2025

---

പരാമർശം:— 1. സ.ഉ(സാധാ) നം. 98/2007/തസ്വഭവ, തീയതി 30.03.2007.

2. സ.ഉ(സാധാ) നം 769/2023/LSGD, തീയതി 30.03.2023.

3. ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 05.03.2024 ലെ സാധാരണ യോഗത്തിലെ 18/1 നമ്പർ തീരുമാനം.

4 ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 11.03.2024 ലെ സാധാരണ യോഗത്തിലെ 3 /1 നമ്പർ തീരുമാനം.

5 ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 13.03.2024 ലെ IDP/B2/760/24/(1) നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഇടുക്കി വികസന അതോറിറ്റി ഇടുക്കി ജില്ലാ പഞ്ചായത്തിൽ ലയിപ്പിച്ചതിനെ തുടർന്ന് ഇടുക്കി ജില്ലാ പഞ്ചായത്തിൽ ഓഫീസ് അറ്റന്റ് തസ്തികയിൽ ജോലി ചെയ്ത് വന്നിരുന്ന ശ്രീ.അബ്ദുൾ റസാഖ് പിരിഞ്ഞു പോയ ഒഴിവിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി, ദിവസ വേതനാടിസ്ഥാനത്തിൽ പ്യൂൺ (ഓഫീസ്അറ്റന്റന്റ് ) തസ്തികയിൽ ആളെ നിയമിക്കുന്നതിനായുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം(4) തീരുമാനം പരാമർശം (5) പ്രകാരം ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി തുടർ നടപടികൾക്കായി സർക്കാരിൽ സമർപ്പിച്ചിരിക്കുന്നു.

2. ഇടുക്കി വികസന അതോറിറ്റി ഇടുക്കി ജില്ലാ പഞ്ചായത്തിൽ ലയിപ്പിച്ചതിനെ തുടർന്ന് ജില്ലാ പഞ്ചായത്തിൽ പ്യൂൺ തസ്തികയിൽ ജോലി ചെയ്ത് വന്നിരുന്ന ശ്രീ.അബ്ദുൾ റസാഖ് പിരിഞ്ഞു പോയ ഒഴിവിൽ പകരം ആളെ നിയമിക്കുന്നത് സംബന്ധിച്ച ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ കത്ത് 05.03.2024 ലെ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും 6 ന് എതിരെ 8 അംഗങ്ങളുടെ ഭൂരിപക്ഷ തീരുമാനപ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ ആളെ നിയമിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നുവെന്നും, എന്നാൽ നിർത്തലാക്കിയ ഇടുക്കി

വികസന അതോറിറ്റിയിൽ നിലവിലുണ്ടായിരുന്ന ദിവസവേതന ജീവനക്കാരെ ആവശ്യമുണ്ടെങ്കിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നിലനിർത്താവുന്നതാണെന്ന് പരാമർശം (1) സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പകരം മറ്റൊരാളെ നിയമിക്കുന്നതിന് വ്യവസ്ഥയില്ലായെന്നും ഇപ്രകാരം താൽക്കാലിക തസ്തികയിൽ നിയമനം നടത്തുന്നതിന് സർക്കാർ അനുമതി ആവശ്യമാണെന്ന് സെക്രട്ടറിയും ചില ഭരണസമിതി അംഗങ്ങളും കമ്മിറ്റിയിൽ വിയോജനം അറിയിക്കുകയും വിയോജനക്കുറിപ്പ് രേഖാമൂലം നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും ദിവസവേതനാടിസ്ഥാനത്തിൽ ആളെ നിയമിക്കുന്നതിന് പരാമർശം (3) പ്രകാരം ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചുവെന്നും, പ്രസ്തുത തീരുമാനം പുന:പരിശോധിക്കണമെന്നഭ്യർത്ഥിച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് കത്ത് നൽകുകയും 11.03.2024 ൽ നടന്ന പഞ്ചായത്ത് കമ്മിറ്റിയുടെ അജണ്ടയായി ഉൾപ്പെടുത്തുകയും ചെയ്തുവെങ്കിലും സെക്രട്ടറിയുടെ അഭിപ്രായം പരിഗണിക്കാതെ മുൻതീരുമാനത്തിൽ ഉറച്ചു നിൽക്കുന്നതിന് പരാമർശം (4) പ്രകാരം ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതാണെന്ന് ജില്ലാപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി വികസന അതോറിറ്റി നിർത്തലാക്കികൊണ്ടുള്ള പരാമർശം (1) ഉത്തരവിൽ മറ്റ് വ്യവസ്ഥകളോടൊപ്പം, ഇടുക്കി വികസന അതോറിറ്റിയിൽ ജോലി ചെയ്ത് വന്നിരുന്ന ദിവസവേതന ജീവനക്കാരിൽ 5 വർഷം സർവ്വീസ് പൂർത്തിയാക്കിയ 55 വയസ്സ് കഴിഞ്ഞ ജീവനക്കാരെ ആവശ്യാനുസരണം നിലനിർത്താൻ സെക്രട്ടറിക്ക് ചുമതല നൽകിയിരുന്നു. എന്നാൽ പകരം മറ്റൊരാളെ നിയമിക്കുന്നതിന് വ്യവസ്ഥയില്ല. ബഹു.ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർമാർ ഉൾപ്പെടെ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് പ്രത്യേകമായി വ്യവസ്ഥകൾ നിശ്ചയിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക (4) പ്രകാരം. നിശ്ചിത തസ്തികയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് നോട്ടിഫിക്കേഷൻ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി യോഗ്യരായവരെ പരമാവധി 179 ദിവസത്തേക്ക് നിയമിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്തിന്റെ പരാമർശം (4) പ്രകാരം കമ്മിറ്റി തീരുമാനം പ്രസ്തുത ഉത്തരവിന് വിരുദ്ധമായി കാണുന്നു. അംഗീകൃതമല്ലാത്ത തസ്തികയിൽ പരാമർശം (1) (2) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് നിയമനം നടത്തേണ്ടത് എന്നിരിക്കേ പ്രസ്തുത സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പഞ്ചായത്തിൽ പൂർണ തസ്തികയിൽ നിയമനം നടത്തുവാനുള്ള ഇടുക്കി ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം (4) തീരുമാനം റദ്ദ് ചെയ്യുന്നതിനായി ശുപാർശ ചെയ്ത് 2003 ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത തീരുമാനങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങൾ 4(3) സെക്ഷൻ 191 വ്യവസ്ഥകൾക്ക് വിധേയമായി ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് ഓംബുഡ്സ്മാന് റഫർ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ, പാളയം, തിരുവനന്തപുരം (മുകളിൽ പരാമർശിച്ചിരിക്കുന്ന പകർപ്പുകൾ സഹിതം ആമുഖ കത്തോടുകൂടി)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ. തദ്ദേശ സ്വയം ഭരണ വകുപ്പ്, ഇടുക്കി(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി. ഇടുക്കി ജില്ലാ പഞ്ചായത്ത്. ഇടുക്കി(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
പ്രസിഡന്റ്. ഇടുക്കി ജില്ലാ പഞ്ചായത്ത്, ഇടുക്കി
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നമ്പർ 89/ഇപിഎ2/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 03-05-2025 17:03:20
സെക്ഷൻ ഓഫീസർ